Draft #29 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 30-Nov-2021 12:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

ജീവനക്കാര്യം - ഫെയർ കോപ്പി വിഭാഗം - വിവിധ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 6512/AD A 4/2021/എം.ജി.യു                    പ്രിയദർശിനി ഹിൽസ്,തീയതി: 30.11.2021

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 203/എ4/4/2021/ഭരണ വിഭാഗം, തീയതി 30.01.2021.

2. ശ്രീമതി. ആരതി പി.എസ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് - ന്റെ 08.02.2021 തീയതിയിലെ സമർപ്പണം.

3. പരിപത്രം നമ്പർ എഡി.എ4/4/938/2016(ഉപ ഫയൽ - 3), തീയതി 28.10.2021.

4. ബഹു. വൈസ് ചാൻസലറുടെ 29.11.2021 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഒൻപത്, പത്ത് ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ഫെയർ കോപ്പി വിഭാഗം ജീവനക്കാരുടെ തസ്തികകൾ 26.02.2011 പ്രാബല്യത്തിൽ ക്രമീകരിച്ച് ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്), ഓഫീസ് സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീ. മോഹന കുമാർ.എൻ, ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) (PEN:1255) 30.11.2021 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്നു.

ശ്രീ. മോഹന കുമാർ.എൻ, ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) (PEN: 1255) 30.11.2021 അപരാഹ്നം സർവ്വകലാശാല സർവ്വീസിൽ നിന്നും വിരമിക്കുന്നതിനെ തുടർന്ന് ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിച്ച്, ഫെയർ കോപ്പി വിഭാഗം ഓഫീസ് സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി. ജാസ്മിൻ.പി (PEN:2578) - ക്ക് 01.12.2021 പൂർവാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് (ശമ്പള സ്കെയിൽ : 56,500 - 1,18,100) സ്ഥാനക്കയറ്റം നൽകുന്നു.

എ.പി.ജെ അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ അന്യത്രസേവന വ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ആരതി പി.എസ്., കമ്പ്യൂട്ടർ അസിസ്റ്റൻറ് സെലക്ഷൻ ഗ്രേഡ്, ടിയാളുടെ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 05.03.2021 തീയതി മുതൽ ഒരു വർഷത്തേക്ക് താൽക്കാലികമായി ഉപേക്ഷിക്കുന്നതിന് (temporary relinquishment of promotion), പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതു പരിഗണിച്ച് ശ്രീമതി. ജാസ്മിൻ. പി - ക്ക് 01.12.2021 പൂർവ്വാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനെ തുടർന്ന് ഓഫീസ് സൂപ്രണ്ട് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിച്ച്, ഫെയർ കോപ്പി വിഭാഗം സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി. ആരതി പി.എസ് - ന് തൊട്ടടുത്ത സീനിയർ ശ്രീമതി. ശ്രീജാമോൾ ഇ.ടി (PEN:3361) - ക്ക് 01.12.2021 പൂർവ്വാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് (ശമ്പള സ്കെയിൽ : 51,400 - 1,10,300 ) സ്ഥാനക്കയറ്റം നൽകുന്നു.

ശ്രീമതി. ശ്രീജാമോൾ ഇ.ടി - ക്ക് 01.12.2021 പൂർവ്വാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനെ തുടർന്ന് സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിച്ച്, ഫെയർ കോപ്പി വിഭാഗം സീനിയർ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി. ലസിജ. കെ (PEN:3566) - യ്ക്ക് 01.12.2021 പൂർവ്വാഹ്നം മുതൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ് തസ്തികയിലേക്ക് (ശമ്പള സ്കെയിൽ : 45,600 - 95,600) സ്ഥാനക്കയറ്റം നൽകുന്നു.

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങൾ, പരാമർശം (4) പ്രകാരം അംഗീകരിച്ച് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥരെ നിലവിൽ ജോലി ചെയ്യുന്ന സെക്ഷനുകളിൽ / വകുപ്പുകളിൽ തന്നെ തുടരാൻ അനുവദിക്കുന്നു.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രമേഷ് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർമാർ/ജോയിൻറ് രജിസ്ട്രാർമാർ (ഭരണം/പരീക്ഷ/ധനകാര്യം)
5. പൂൾ ഓഫീസർ/പി.ആർ.ഒ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. ഓഡിറ്റ്2/3/ഫിനാൻസ്1/2/എഫ്.സി.സി/ജനറൽ ക്യാഷ്
7. സി.എം.എസ്/സിറ്റാഡ്/ഐ.ക്യൂ.എ.സി/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
8. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയം (മഹാത്മാഗാന്ധി സർവ്വകലാശാല)
9. എഡി.എ8/10/റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #29 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 30-Nov-2021 12:17 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം